# ഹൃദയങ്ങളെ അറിയുന്നവൻ

## യിരെമ്യാവ് 17:9–10

“ഹൃദയം എല്ലാറ്റിനേക്കാളും കപടവും വിഷമവുമുള്ളതു; അതു ആരാഞ്ഞറിയുന്നവൻ ആർ? യഹോവയായ ഞാൻ ഹൃദയത്തെ ശോധന ചെയ്തു അന്തരംഗങ്ങളെ പരീക്ഷിച്ചു ഓരോരുത്തന്നു അവനവന്റെ നടപ്പിന്നും പ്രവൃത്തിയുടെ ഫലത്തിന്നും തക്കവണ്ണം കൊടുക്കുന്നു.”

ഇവിടെ ഹൃദയത്തെക്കുറിച്ച് പറഞ്ഞു തുടങ്ങുമ്പോൾ നാം ഒരു കാര്യം മനസ്സിലാക്കണം, നമ്മുടെ ഹൃദയത്തെ അറിയുകയും അതിനെ കവരുകയും ചെയ്യുവാൻ അവകാശമുള്ളവൻ ഒരുവൻ മാത്രമേ ഉള്ളൂ അതു നമ്മുടെ കർത്താവാണ്. ആ കർത്താവില്ലാത്ത ഹൃദയത്തെയാണ് വചനത്തിൽ പറയുന്നത്, അത് ചതിയും വഞ്ചനയും കാപട്യവും കള്ളത്തരങ്ങളുമൊക്കെ നിറഞ്ഞതാണ് എന്ന്. ഒരുപക്ഷെ ഇതു വായിക്കുമ്പോൾ, ദൈവത്തിന്റെ വായിൻ വചനങ്ങൾ നമുക്ക് ഒരൽപം രൂക്ഷമായിട്ടു തോന്നിയേക്കാം. എന്നാൽ അതാണ് വാസ്തവം. മനം കവരാൻ അധികാരമുള്ളവനെ അത് ഏൽപ്പിക്കാതെയും, അതിൽ നിറയേണ്ടുന്ന ദൈവ വചനങ്ങളെ അവഗണിക്കുകയുമൊക്കെ ചെയ്യുമ്പോൾ നാം യഥാർത്ഥത്തിൽ ദൈവാത്മാവിനെ നമ്മിൽ നിന്നു അകറ്റി നിർത്തുകയാണ് ചെയ്യുന്നത്. പാപം ആദാമിലൂടെയും ഹൗവ്വയിലൂടെയും മനുഷ്യവർഗ്ഗത്തിലേക്ക് പ്രവേശിച്ചോ അന്നു മുതൽ മേൽപറഞ്ഞ ചതിയും വഞ്ചനയും കപടതയുമൊക്കെ മനുഷ്യരിൽ നിറയുവാൻ തുടങ്ങി. ചുരുക്കിപ്പറഞ്ഞാൽ പാപവും വഞ്ചനയും തമ്മിൽ നല്ല സുഹൃത്തുക്കളായി മാറി എന്നു പറയാം.

ഇന്ന് നാം ആയിരിക്കുന്ന ഈ ലോകത്തിൽ ഏവരും പുറമ്മോടിയിൽ തങ്ങളെത്തന്നെ തിളക്കമാർന്നതായി കാണുകയും സമൂഹത്തിൽ അവതരിപ്പിക്കുകയും നല്ല പേർ നിലനിർത്തുകയും ചെയ്യുന്നവരാണ്. എന്നാൽ ഇവരുടെ ഹൃദയമോ ഇരുണ്ടതാകും. അത് ആരും അറിയുന്നതേയില്ല. ഒരു പക്ഷെ അതു സ്വയം മനസ്സിലാക്കാനുള്ള മനുഷ്യന്റെ കഴിവു കൂടി മാറ്റപ്പെട്ടു പോയിരിക്കുന്നു എന്നു വേണമെങ്കിൽ പറയാം. ഇന്ന് മനുഷ്യഹൃദയങ്ങളിൽ ചതി പതുങ്ങിയിരിക്കുന്നു. അതു തക്ക സമയത്തിൽ പുറത്തു വന്ന് നേടേണ്ടുന്നതു നേടുകയും നമ്മെ നാശത്തിലേക്ക് നയിക്കുകയും ചെയ്യുന്നു. ഒരു പക്ഷെ നമുക്കു ചുറ്റും പെരുകി വരുന്ന കുറ്റകൃത്യങ്ങളും മറ്റും എടുത്തു നോക്കിയാൽ നമുക്ക് അവിടെ കാണാൻ കഴിയും കുറ്റവാളിയുടെ ഹൃദയത്തിൽ പതിയിരുന്നിരുന്ന ചതിയുടെയും വഞ്ചനയുടെയും ഒക്കെ പരിണിതഫലമായി അവൻ കുറ്റകൃത്യം ചെയ്യാൻ പ്രേരിപ്പിക്കപ്പെട്ടു എന്ന്. ദൈവത്തിനു ഇടം കൊടുക്കാത്ത ഹൃദയം നാശത്തിനു ഹേതുവാകുകയേ ഉള്ളൂ.

എന്നാൽ പ്രിയരെ അവനിൽ വിശ്വസിക്കുന്നവരെ ഒരുനാളും കൈവിടാത്തവനായ ഒരു നല്ല ദൈവമാണ് നമുക്കുള്ളത്. ആയവന് നമ്മോടു തോന്നിയ സ്നേഹത്തിൻ ഫലമായാണ് നമ്മുടെ പാപങ്ങളിൽ നിന്നു വീണ്ടെടുപ്പാൻ തക്കവണ്ണം അവൻ സ്വപുത്രനെ ഈ ലോകത്തിലേക്ക് അയച്ച് പാപയാഗമാക്കിയത്. അപ്രകാരം നമുക്കുവേണ്ടി കർത്താവു ചൊരിഞ്ഞ ആ പുണ്യാഹ രക്തത്തിൽ വിശ്വസിക്കുകയും അതിനെ സ്വീകരിക്കുകയും ചെയ്യുക വഴി നമ്മുടെ മുഴുവൻ പാപങ്ങളെയും അവൻ കഴുകി ഹിമം പോലെ വെണ്മയും വിശുദ്ധിയുമുള്ളവരാക്കി തീർത്തു. അപ്രകാരം നാം ഒരു പുതിയ സൃഷ്ടിയാക്കി മാറ്റപ്പെട്ടെങ്കിൽ, നാം മരണതാഴ്വരയിൽ നിന്നും നിത്യ ജീവന്റെ നാട്ടിലേക്ക് കടന്നു കഴിഞ്ഞു. എന്നാൽ അതിന്റെ പൂർണ്ണതയിൽ എത്തുവാനുള്ള നമ്മുടെ ജീവിത യാത്രയിൽ നമ്മെ നയിക്കുവാനും നമ്മുടെ വിശുദ്ധി കാത്തു സൂക്ഷിക്കുവാനുമായാണ് അവൻ തന്റെ പരിശുദ്ധാത്മാവിനെ നമുക്ക് ഹൃദയങ്ങളിൽ നൽകിയിരിക്കുന്നത്. ആത്മാവ് നമ്മിൽ ആവസിക്കുകയും നമ്മെ ദൈവത്തിന്റെ പാതയിലേക്ക് നയിക്കുകയും പാപത്തിൽ നിന്നും അകന്നു നില്പ്പാൻ തക്ക പ്രചോദനം നൽകുകയും നമ്മെ ആശ്വസിപ്പിക്കുകയും വചനങ്ങളുടെ മർമ്മങ്ങളെ വെളിപ്പെടുത്തിത്തരികയും പാപബോധമുള്ളവരാക്കി തീർക്കുകയും ചെയ്യും.

ആയതിനാൽ ഹൃദയത്തിന്റെ അന്തരംഗങ്ങളെ അറിയുകയും അതിനെ ശോധന ചെയ്യുകയും ചെയ്യുന്നവനായ ദൈവത്തിന്നു നമ്മുടെ ഹൃദയങ്ങളെ ഭരമേൽപ്പിക്കാം. അവൻ അതിനെ അവന്റെ പരിശുദ്ധാത്മാവിനാൽ നിറെച്ച് നമ്മെ നേർവഴി നടത്തുമാറാകട്ടെ. ദൈവം നമ്മെ അനുഗ്രഹിക്കട്ടെ.

പരാമർശം :

സങ്കീർത്തനങ്ങൾ 37:4

യഹോവയിൽ തന്നേ രസിച്ചുകൊൾക; അവൻ നിന്റെ ഹൃദയത്തിലെ ആഗ്രഹങ്ങളെ നിനക്കു തരും.

ബ്രദർ. ബിനു ബേബി ആലപ്പുഴ 111